പുതിയതായി അനുവദിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ

23 [320] ശ്രീ. എ. എൻ. രാജൻ ബാബു:

,, കെ. കെ. ഷാജു:

,, ഉമേഷ് ചള്ളിയിൽ:

,, ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചു;

(ബി) ഇപ്രകാരം അനുവദിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി എത്ര പേർക്ക് തൊഴിൽ നൽകുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ;

(സി) ഉന്നത വിദ്യാഭ്യാസ രംഗത്ത് കൂടുതൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വാശ്രയ മേഖലയിൽ 56 എഞ്ചിനീയറിംഗ് കോളേജുകളും, 19 എം. ബി. എ. സ്ഥാപനങ്ങളും 29 എം.സി.എ. സ്ഥാപനങ്ങളും, 2 ഹോട്ടൽ മാനേജ്മെന്റ് ആന്റ് കേറ്ററിംഗ് ടെക്നോളജി സ്ഥാപനങ്ങളും അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(ബി) സ്വാശ്രയ മേഖലയിൽ അനുവദിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിയമനം നടത്തുന്നത് ബന്ധപ്പെട്ട മാനേജ്മെന്റുകൾ ആയതിനാൽ, സർക്കാർ ഇത് സംബന്ധിച്ച കണക്കെടുപ്പ് നടത്തിയിട്ടില്ല.

(സി) ആവശ്യമെന്നുകണ്ടാൽ, കൂടുതൽ സ്ഥാപനങ്ങൾ ആരംഭിക്കുന്ന കാര്യം പിന്നീട് പരിഗണിക്കാവുന്നതാണ്. കൂടുതൽ എഞ്ചിനീയറിംഗ് കോളേജുകൾ സ്ഥാപിക്കുന്നതു സംബന്ധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിന് ഗവൺമെന്റ് നിയോഗിച്ച ഡോ. ജയശങ്കർ കമ്മിറ്റിയുടെ ശുപാർശയ്ക്കു വിധേയമായി കൂടുതൽ കോളേജുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

സ്വാശ്രയ സ്കൂളുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം

24 [321] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പുതിയ സ്വാശ്രയ സ്കൂളുകൾ അനുവദിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിനുള്ള മാനദണ്ഡം എന്താണ്;

(സി) സർക്കാർ സ്കൂളുകളിൽ ഈ വർഷം പുതിയ +2 കോഴ്സുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) & (ബി) ഇക്കാര്യം ഇതുവരെയും പരിശോധിച്ചിട്ടില്ല.

(സി) എസ്. എസ്. എൽ. സി. പരീക്ഷ വിജയിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണവും പ്ലസ് ടു സീറ്റുകളുടെ എണ്ണവും തമ്മിൽ ഗണ്യമായ അന്തരമുള്ള ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ പുതിയതായി ഹയർസെക്കണ്ടറി സ്കൂളുകൾ അനുവദിക്കുവാനും നിലവിലുള്ള പ്ലസ് ടു സ്കൂളുകൾക്ക് അധിക ബാച്ചുകൾ നൽകുകയും ചെയ്യുന്നതിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ഗവൺമെന്റ് സ്കൂളുകൾ, ഹയർ സെക്കണ്ടറി സ്കൂൾ ഇല്ലാത്ത പഞ്ചായത്തുകളിലെ സ്കൂളുകൾ, എയ്ഡഡ് സ്കൂളുകൾ എന്നീ മുൻഗണനാ ക്രമത്തിലാണ് ഇവ പരിഗണിക്കുന്നത്.

എസ്. എസ്. എ. പദ്ധതി പ്രകാരം സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കാൻ നടപടി

25 [322] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എ. പദ്ധതി പ്രകാരം എത്ര സ്കൂളുകൾക്ക് പുതുതായി കെട്ടിടം ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഹൈസ്ക്കൂൾ, യു. പി., എൽ. പി. എന്നിവ ജില്ല തിരിച്ച് കണക്ക് വിശദമാക്കുമോ;

(സി) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകൾക്കാണ് ഇതിനായി ഫണ്ട് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1266 സ്കൂളുകൾക്ക്.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 1. ഗവൺമെന്റ് ഹൈസ്ക്കൂൾ, നായർകുഴി.
2. ഗവൺമെന്റ് ഹൈസ്ക്കൂൾ, നീലേശ്വരം.
3. ഗവൺമെന്റ് എൽ. പി., പുളപൊയിൽ.
4. ഗവൺമെന്റ് എൽ. പി., താഴെക്കോട്.
5. ഗവൺമെന്റ് യു. പി., മണാശ്ശേരി.

അംഗീകാരമില്ലാത്ത അൺഎയ്ഡഡ് സ്കൂളുകൾ

26 [323] ശ്രീ. ടി. എം. ജേക്കബ്:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly